പതിനാലാം കേരള നിയമസഭ

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2353**

14-6-2019 ൽ മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭം

ചോദ്യം

**ശ്രീ.പി.സി.ജോർജ്**

ഉത്തരം

**ശ്രീ. ഇ.പി. ജയരാജൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

എ) 2018-19 സാമ്പത്തിക വർഷം വ്യവസായവകുപ്പിന് കീഴിലുള്ള പൊതുമേഖല സ്ഥാപനങ്ങളിൽ എത്ര സ്ഥാപനങ്ങൾ ലാഭത്തിലാണ്; വ്യക്തമാക്കാമോ?

എ) 2018-19 സാമ്പത്തിക വാർഷികാവസാനം അവലോകനത്തിനായി പരിഗണിച്ച 42 പൊതുമേഖലാസ്ഥാപനങ്ങളിൽ ആഡിറ്റിനു മുൻപുള്ള കണക്കുകൾ പ്രകാരം താഴെ പറയുന്ന 12 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചു.

| ക്രമ നം | സ്ഥാപനങ്ങൾ |
|---|---|
| 1 | ദി കേരള മിനറൽസ് ആൻറ് മെറ്റൽസ് ലിമിറ്റഡ് |
| 2 | ട്രാവൻകൂർ- കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് |
| 3 | ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സ് ലിമിറ്റഡ് |
| 4 | ട്രാൻസ്ഫോർമേഴ്സ് ആൻറ് ഇലട്രിക്കൽസ് കേരള ലിമിറ്റഡ് |
| 5 | കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് |
| 6 | കെൽട്രോൺ കമ്പോണൻറ് കോംപ്ലക്സ് ലിമിറ്റഡ് |
| 7 | കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് |
| 8 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എൻറർപ്രൈസസ്സ് ലിമിറ്റഡ് |
| 9 | കേരള ആർട്ടിസാൻസ് ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് |

| | |
|---|---|
| 10 | കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ് |
| 11 | സ്റ്റീൽ ഇൻഡസ്ട്രീയൽസ് കേരള ലിമിറ്റഡ് |
| 12 | ഫോറസ്റ്റ് ഇൻഡസ്ട്രിസ് (ട്രാവൻകൂർ) ലിമിറ്റഡ് |

ബി) ജി.ഒ. (എം. എസ്) നം.505/18/ഫിൻ തീയതി 24/12/18 പ്രകാരം 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റഡ് ആനുവൽ സ്റ്റേറ്റുമെന്റിൽ ധനകാര്യ വകുപ്പിന്റെ കമന്റ്സ് കൂടാതെയാണോ പ്രസ്തുത സ്ഥാപനങ്ങൾ ലാഭത്തിലാണ് എന്ന് പറയുന്നത്: വിശദമാക്കാമോ?

ബി) 2018-19 സാമ്പത്തിക വർഷത്തെ കണക്കുകൾ പൂർത്തീകരിച്ചതിനുശേഷം ആഡിറ്റിനു മുൻപുള്ള കണക്കുകൾ പ്രകാരമാണ് ലാഭത്തിലുള്ള സ്ഥാപനങ്ങളുടെ വിവരം നൽകുന്നത്. 2018-19 സാമ്പത്തിക വർഷത്തെ ആഡിറ്റുകൾ പൂർത്തീകരിക്കുന്ന ജോലികൾ പുരോഗമിച്ചുവരികയാണ്. ജി.ഒ.(എ ം.എസ്).നം.505/18/ഫിൻ തീയതി 24-12-2018 പ്രകാരം ഇനി മുതൽ ആഡിറ്റഡ് ആനുവൽ സ്റ്റേറ്റ്മെൻറുകൾ ധനകാര്യ വകുപ്പിൻെറ അഭിപ്രായത്തിന് അയക്കേണ്ടതില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ